Malappuram District Police

# 11.10.2017 വണ്ടൂർ

മോഷ്ടിച്ച ബൈക്കുകളിലെത്തി മാല കവരുന്ന മൂന്നംഗ സംഘത്തെ അറസ്റ്റ് ചെയ്തു. ചോക്കാട് കാഞ്ഞിരംപാടം മാലയിൽ അബ്ദുൽ റഷീദ് (29), വാണിയമ്പലം താളിയംകുണ്ട് തെയ്യത്തുംകുണ്ട് പൂക്കുന്നത്ത് ആസിഫ് (29), കാഞ്ഞിരംപാടം പിലാത്തൊടി തസ്‌ലിം (21) എന്നിവരാണ് അറസ്റ്റിലായത്. നിലമ്പൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്നു മോഷ്ടിച്ച ബൈക്കുകളാണു കവർച്ചയ്ക്ക് ഉപയോഗിച്ചത്. ബൈക്കുകളും തൊണ്ടി മുതലുകളും കണ്ടെടുത്തു. തിരുവാലി കോഴിപ്പറമ്പിൽ വാഹന പരിശോധനയ്ക്കിടെ, റഷീദ് ഓടിച്ച ബൈക്കിൽനിന്നു മുഖം മൂടികളും കയ്യുറകളും ലഭിച്ചതാണു തുമ്പായത്. റഷീദിനെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച സൂചനകളെ തുടർന്നു നടത്തിയ അന്വേഷണത്തിൽ മറ്റുള്ളവരും പിടിയിലായി. നിലമ്പൂർ, കൊളക്കണ്ടം, നടുവത്ത് മൂച്ചിക്കൽ, പൂക്കോട്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന കവർച്ചകളുടെ പിന്നിൽ ഈ സംഘമാണെന്നു സൂചനകൾ ലഭിച്ചിട്ടുണ്ട്.

പ്രതികളെ പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. സിഐ എ.ജെ.ജോൺസൺ, എസ്ഐ പി.ചന്ദ്രൻ, അനീഷ് ചാക്കോ, സി.പി.മുരളീധരൻ, കെ.മോഹനകൃഷ്ണൻ, മനോജ്, എം.ടി.കൃഷ്ണകുമാർ, സവാദ്, കെ.ഗിരീഷ് എന്നിവരടങ്ങിയ സംഘമാണ് അന്വേഷണം നടത്തിയത്.